30

410

# SSLC MODEL EXAMINATION—FEBRUARY 2013

## MALAYALAM–II

Time : 1½ hrs. Total Score : 40

**പൊതുനിർദ്ദേശങ്ങൾ**

* എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
* ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി ഇത് പ്രയോജനപ്പെടുത്തണം.
* നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
* ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. എഡിറ്റുചെയ്യുക :

പിന്നീടൊരിക്കലും അയാൾ നഗരത്തിലേക്ക് വരികയോ, സ്വന്തം വീട്ടിൽപ്പോലും മുഖം കാണിക്കാതെ അപ്രത്യക്ഷനായി. എന്തുകൊണ്ടാണ് ഇങ്ങനെയൊരു മാറ്റമുണ്ടായതിനു കാരണമെന്ന് കൂട്ടുകാർക്കും നാട്ടുകാർക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. (2)

2. അരിവാളേന്തിനിൽക്കുന്നു
"കന്നി-കർഷക കന്യക"

—പഴയകാല കേരളത്തിന്റെ കാർഷിക സംസ്കൃതിയെക്കുറിക്കുന്ന വരികളാണല്ലോ ഇത്. സൗന്ദര്യപൂജ എന്ന കവിതയിൽ കൃഷിയുമായി ബന്ധപ്പെട്ട് കടന്നുവരുന്ന വേറെ ഏതെങ്കിലും വാങ്മയ ചിത്രം കണ്ടെത്തി ലഘുകുറിപ്പെഴുതുക. (2)

3. 'പച്ചയും കിരീടവുമണിഞ്ഞ്
അരമണിയും ചിലമ്പും കിലുക്കി
ഞങ്ങൾ നേടിയ
വാടാത്ത കല്യാണ സൗഗന്ധികം'

—മലയാള സാഹിത്യ ചരിത്രത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ ഈ വരികളിൽ നിന്ന് ലഭിക്കുന്നുണ്ട് ? (2)

4. 'തെക്കെപ്പുറത്തായക്കോലിലവളുടെ
ഇത്തിരിപ്പിഞ്ഞിയ കുഞ്ഞുടുപ്പിത്'
'വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു'

—'തോരാമഴ'യിലെ ഈ വരികളിൽ ഉമ്മുക്കുൽസുവിന്റെ വീട്ടിലെ അവസ്ഥ പ്രതിഫലിക്കുന്നുണ്ട്—വ്യക്തമാക്കുക. (2)

[മറുപുറം

61/15/2013. G.P.S. © Government of Kerala.

5. നീട്ടുന്നു രാവുകൾ വെണ്ണിലാവിന്നിള-

നീർക്കുടം: "മൊത്തിക്കുടിക്കു"

—അടിവരയിട്ട പ്രയോഗത്തിന്റെ ഭാവതലം വിശദീകരിക്കുക

(അരപ്പുറം) (4)

6. 'പട്ടുസാരികളുടെ പളപളപ്പ്, അതെടുത്ത് ഒരു ചീനവലയെറിയുന്നപോലെ നമ്മുടെ മുമ്പിലേക്കിടുന്ന സുന്ദരികളായ ചെറുപ്പക്കാരികളുടെ പ്രസരിപ്പ്' 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിൽ ഈ വരികൾക്കുള്ള പ്രസക്തിയെന്തെന്ന് വിശദീകരിക്കുക.

(അരപ്പുറം) (4)

7. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ"

—ഭാഷയെക്കുറിച്ച് ഏതൊരു സമൂഹത്തിനുമുണ്ടായിരിക്കേണ്ട സമീപനത്തെക്കുറിച്ചാണല്ലോ വള്ളത്തോൾ പറയുന്നത്. ഇതിന്റെ വെളിച്ചത്തിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് കേരളപ്പിറവിനാൾ പ്രസിദ്ധീകരിക്കാനുള്ള മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

(ഒരു പുറം) (6)

8. 'ഒരു വാക്കെങ്കിലും പറക നീ

മൗനം മരണമാകുന്നു' (ബാലചന്ദ്രൻ ചുള്ളിക്കാട്).

—ഈ വരികളുമായി ബന്ധപ്പെടുത്തി നജീബിന്റെ ജീവിതാവസ്ഥ വിശദീകരിക്കുക.

(ഒരു പുറം) (6)

9. 'ഏതൊരവർണ്ണനും അയാളെത്ര മഹാനായാലും ശരി ഏതു സവർണ്ണ സങ്കേതത്തിലും പ്രവേശനം നിഷേധിച്ചിരിക്കെ ഒരു നമ്പൂതിരി ഗൃഹത്തിലേക്ക് അവരെങ്ങനെ കയറി വരും?'

—വി. ടി.യുടെ ഈ വാക്കുകളിൽ തെളിയുന്ന പഴയകാല കേരളത്തിലെ സാമൂഹിക ജീവിതത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

(ഒരു പുറം) (6)

10. 'കരയ്ക്കു മാമ്പൂവാം നിരത്തുകൾ, നാട്ടിൻ-
പുറത്തെ സ്വപ്നം കണ്ടെഴും നഗരികൾ'
'വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവൊടോർത്തിതീയമലനാടിനെ'

—നാട്ടിൻപുറത്തെ സ്വപ്നം കാണുന്ന നഗരങ്ങളും വെളുത്ത വസ്ത്രം ധരിക്കുന്ന ജനങ്ങളുമാണോ ഇന്നത്തെ കേരളത്തിലുള്ളത് ? കേരളീയ സംസ്കാരത്തിൽ വന്ന മാറ്റത്തെക്കുറിച്ച് ലഘു ഉപന്യാസമെഴുതുക.

(ഒരു പുറം) (6)